"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം-മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.എൻ.രവീന്ദ്രനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.പി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.471/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/02/2021

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04/2015-ലെ ഇ10(എസ്.സി.53/14/എംപിഎം) 18044/2014 നമ്പർ കത്ത്

2 സർക്കാരിന്റെ 27.04.2016-ലെ ഇതേ നമ്പർ കുറ്റപത്രം

3 സർക്കാരിന്റെ 27.11.2018-ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. എൻ. രവീന്ദ്രൻ സമർപ്പിച്ച 11.02.2019-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 31.1.2018 ലെ ഡി 4-47529/2014 നമ്പർ കത്ത്

6 സ.ഉ.(സാധാ) നം.607/2019/തസ്വഭവ തീയതി 13.03.2019

7 മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 14.05.2019-ലെ ഡി4-519/2015 നമ്പർ അന്വേഷണ റിപ്പോർട്ട്

8 19.01.2021 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ A1-3/92/2020-KPSC നമ്പർ കത്ത്

ഉത്തരവ്

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി സൂചന (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിൽ മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായ ശ്രീ.എൻ.രവീന്ദ്രൻ, ശ്രീ.ദേവാനന്ദ് എന്നിവർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ ശ്രീ.എൻ.രവീന്ദ്രന്റെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എൻ. രവീന്ദ്രനെതിരെ സൂചന (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. ശ്രീ. രവീന്ദ്രനെതിരെ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരവേ ടിയാൻ 31.10.2017-ൽ സേവനത്തിൽ നിന്നും വിരമിച്ചതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് ശ്രീ.എൻ.രവീന്ദ്രനെതിരെ സേവനത്തിലിരിക്കെ തന്നെ അച്ചടക്ക നടപടി ആരംഭിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(a) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് സൂചന (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എൻ. രവീന്ദ്രൻ സൂചന (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

ശ്രീ.എൻ.രവീന്ദ്രന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ അച്ചടക്ക

നടപടിയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സൂചന (6) പ്രകാരം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സൂചന (7) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ചുവടെ കുറിക്കുന്ന വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.

വാഴക്കാട് വില്ലേജിലെ റീസർവ്വേ നം. 168/16, 168/5 എന്നീ നമ്പറുകളിൽപെട്ട ശ്രീ. എം.പി. മുസ്തഫ, ശ്രീമതി. സൽമക്കുട്ടി എന്നിവരുടെ സംയുക്ത ഉടമസ്ഥയിലുള്ള വാണിജ്യാവശ്യത്തിനും, ലോഡ്ജിംഗിനുമായുള്ള നോൺ ഫാമിലി റസിഡന്റ് വിഭാഗത്തിൽപെട്ട നാലുനില കെട്ടിടത്തിന്റെ 3-ാം നിലയിലെ 328.96 ച.മീ വിസ്തൃതിയോട് കൂടിയ നിർമ്മിതിക്ക് അന്നത്തെ വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ദേവാനന്ദ് കെ.പി എന്നവർ ഓവർസീയരുടെ 29.03.2010-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 31.03.2010-ന് 464/09-10 നമ്പറായി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിന്റെയും തുടർന്ന് ടി നിർമ്മാണം പൂർത്തീകരിച്ച 19.04.2012-ന് അപേക്ഷകന് സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ഓവർസീയർ സ്ഥലപരിശോധന നടത്തി കെട്ടിട നമ്പർ അനുവദിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തതിൻ പ്രകാരവുമാണ് ശ്രീ.എൻ.രവീന്ദ്രൻ കെട്ടിട നമ്പർ അനുവദിക്കുകയുണ്ടായതെന്നു ബോധ്യമായിട്ടുണ്ടെന്നും സാങ്കേതിക പരിജ്ഞാനമുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നി ഉദ്യോഗസ്ഥർ കെ.എം.ബി.ആർ/കെ.പി.ബി.ആർ ചട്ടലംഘനങ്ങൾ നിലവിലുണ്ടോ എന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട് ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുള്ള ഉദ്യോഗസ്ഥർ ആണെന്നിരിക്കെ ടി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചകൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ മാത്രം കക്ഷിയായി ഉൾപ്പെടുത്തുകയാണ് ഇവിടെ സംഭവിച്ചിട്ടുള്ളതെന്നെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ബിൽഡിംഗ് പെർമിറ്റോ, കെട്ടിട നമ്പറോ അനുവദിക്കുമ്പോൾ കാലാകാലങ്ങളിൽ ബഹു. സർക്കാർ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങളും, കെ.എം.ബി.ആർ -2011- ലെ കെ.പി.ബി.ആർ നിയതചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാങ്കേതിക പരിജ്ഞാനം സ്വായത്തമാക്കിയവരും, സർക്കാർ ഉത്തരവാദിത്തപെടുത്തിയിട്ടുള്ളതുമായ ഉദ്യോഗസ്ഥൻ അപ്രകാരം പ്രവർത്തിക്കാത്തതിനാലാണ് കെട്ടിട നമ്പർ അനുവദിച്ചതിൽ ചട്ടലംഘനങ്ങൾ കടന്നു കൂടാൻ ഇടയാക്കിയതെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകൾ പരിശോധിച്ചതിൽ നിന്നും ശ്രീ. എൻ. രവീന്ദ്രന്റെ ഭാഗത്തു നിന്നും പരാമർശിത കെട്ടിടത്തിലെ മൂന്നാം നിലയിലെ അധിക നിർമ്മിതിക്ക് കെട്ടിട നമ്പർ അനുവദിച്ചതിൽ ജാഗ്രതക്കുറവ് സംഭവിച്ചതായി കാണാമെങ്കിലും, സാങ്കേതിക പരിജ്ഞാനമുള്ള ഓവർസീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുജനത്തിന് നിയമാനുസരണം നൽകേണ്ട സേവനം യഥാസമയം നൽകുന്നതിന് സെക്രട്ടറിയിൽ നിക്ഷിപ്തമായ ചുമതല ടിയാൻ നിറവേറ്റിയതിന് ടിയാൻ വിരമിച്ചതിനു ശേഷവും കുറ്റാരോപിതനായി നിലനിർത്തിയിരിക്കുന്ന നടപടിയെക്കുറിച്ചുള്ള ടിയാന്റെ വൈഷമ്യം പരിഗണിക്കപ്പെടേണ്ട സംഗതിയാണെന്നു കാണുന്നുവെന്നും, കൂടാതെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനെ ആധാരമാക്കി തുടർനടപടി കൈക്കൊണ്ട സെക്രട്ടറിയുടെ നടപടി തികച്ചും സദുദ്ദേശപരമാണെന്ന് അനുമാനിക്കേണ്ട സാഹചര്യവും നിലവിലുണ്ടെന്നും മേൽ വസ്തുതകൾ പരിഗണിച്ചും, ഔപചാരിക അന്വേഷണ

വേളയിൽ ടിയാൻ സമർപ്പിച്ച വാദഗതികൾ വിലയിരുത്തിയതിൽ നിന്നും ടിയാന് കെട്ടിട നമ്പർ അനുവദിച്ചതിൽ മനഃപൂർവം ചട്ടലംഘനം നടത്തുക എന്ന ഉദ്ദേശം നിലനിന്നിരുന്നുവെന്ന് കാണാൻ കഴിയുന്നില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. എൻ. രവീന്ദ്രന് ഹിയറിങ് അനുവദിക്കുകയും ഹിയറിങ് വേളയിൽ ടിയാൻ കാരണം കാണിക്കൽ നോട്ടീസിനു നൽകിയ മറുപടി തന്നെ ആവർത്തിക്കുകയും. അച്ചടക്ക നടപടി എത്രയും വേഗം തീർപ്പാക്കി പെൻഷൻ ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും ബോധിപ്പിച്ചു.

കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ നൽകിയ മറുപടിയുടെയും ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെയും ഹിയറിങ് വേളയിൽ ടിയാൻ ബോധിപ്പിച്ച വാദങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എം.ബി.ആർ/കെ.പി.ബി.ആർ ചട്ടലംഘനങ്ങൾ നിലവിലുണ്ടോ എന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട് ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുള്ള സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി കെട്ടിട നമ്പർ അനുവദിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ടി റിപ്പോർട്ടിനെ ആധാരമാക്കി ശ്രീ. എൻ. രവീന്ദ്രൻ കെട്ടിട നമ്പർ അനുവദിച്ചതിൽ ടിയാന് മനഃപൂർവം ചട്ടലംഘനം നടത്തുക എന്ന ഉദ്ദേശമുള്ളതായി കാണുന്നില്ല. മാത്രമല്ല സാങ്കേതിക പരിജ്ഞാനമുള്ള ഓവർസീയറുടെ റിപ്പോർട്ടിനെ ആശ്രയിച്ചുകൊണ്ടു, പൊതുജനത്തിന് നിയമാനുസരണം നൽകേണ്ട സേവനം യഥാസമയം നൽകുന്നതിന് സെക്രട്ടറിയിൽ നിക്ഷിപ്തമായ ചുമതല നിറവേറ്റിയ സെക്രട്ടറിയുടെ നടപടി തികച്ചും സദുദ്ദേശപരമാണെന്ന് വിലയിരുത്താമെങ്കിലും സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പൂർണ്ണമായും മുഖവിലയ്ക്കെടുത്ത് ചട്ടലംഘനങ്ങൾ ഉണ്ടോ എന്ന് ഒന്നുകൂടി സൂക്ഷമായി പരിശോധിക്കാതെ കെട്ടിട നമ്പർ അനുവദിച്ചതിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നും ബോധപൂർവമല്ലാത്ത വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണാവുന്നതാണ്. പരാമർശിത കെട്ടിടത്തിലെ മൂന്നാം നിലയിലെ അധിക നിർമ്മിതിക്ക് കെട്ടിട നമ്പർ അനുവദിച്ചതിൽ ജാഗ്രതക്കുറവ് സംഭവിച്ചതായി ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വാഴക്കാട് ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണത്തിന് സാങ്കേതിക വിഭാഗം ജീവനക്കാരന്റെ റിപ്പോർട്ട് മുഖവിലയ്ക്കെടുത്ത് ചട്ടലംഘനത്തോടുകൂടിയ കെട്ടിട ഭാഗത്തിന് നമ്പർ നൽകിയതിൽ മുൻ വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എൻ. രവീന്ദ്രന്റെ ഭാഗത്ത് ബോധപൂർവമല്ലാത്ത വീഴ്ച സംഭവിച്ചതായി കണക്കാക്കാവുന്നതാണ്. എന്നാൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരമൊരു വീഴ്ച സംഭവിച്ചതെന്ന വസ്തുത പരിഗണിച്ച് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/-രൂപ വീതം 5വർഷത്തേക്ക് കുറവ് വരുത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള താത്കാലിക തീരുമാനത്തിൽ ഇളവ് നൽകി 300/- രൂപ വീതം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 3 വർഷത്തേക്ക് കുറവ് വരുത്താൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ച് പ്രസ്തുത തീരുമാനത്തിന്മേൽ ബഹു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയും കമ്മീഷൻ പരാമർശം ( 8 ) പ്രകാരം സർക്കാരിന്റെ

താൽക്കാലിക തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ബഹു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ.എൻ.രവീന്ദ്രനെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേയ്ക്ക് തുടർച്ചയായി കുറവ് വരുത്താൻ തീരുമാനിച്ച് ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. എൻ. .രവീന്ദ്രൻ,മുൻ സെക്രട്ടറി, വാഴക്കാട്ഗ്രാമപഞ്ചായത്ത്.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
6. വിജിലൻസ് വകുപ്പ് (19.05.2015-ലെ 5516/ഡി3/15/വിജി. നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
7. ഡയറക്ടർ,ഐ.കെ.എം, തിരുവനന്തപുരം.
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.417/ഇപിബി3/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.02.17 15:02:04 IST
Reason: Approved

സെക്ഷൻ ഓഫീസർ